Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ല മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് കമ്മിറ്റി തീരുമാനം പഞ്ചായത്ത് രാജ് നിയമം 191 (4) പ്രകാരം സ്റ്റേ ചെയ്ത സർക്കാർ നടപടി പിൻവലിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

### തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ.(ആർ.റ്റി)നം.565/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 24/02/2012.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12/05/11 ലെ 41/11 -ാം നമ്പർ തീരുമാനം.

2. മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17-05-2011 - ലെ 43/11 -ാം നമ്പർ തീരുമാനം.
3. 26-05-2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1287/2011/തസ്വഭവ.
4. വയനാട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ (എൽ എ) 03-01-2012 ലെ എസ്.എൽ.എ. - 139/11 നമ്പർ കത്ത്.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 02-02-12 ലെ LRB8/2956/12 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1, 2 പ്രകാരമുള്ള വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ പരാമർശം മൂന്നു പ്രകാരം സ്റ്റേ ചെയ്യുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പരാമർശം 5 പ്രകാരമുള്ള കത്തിൻ പ്രകാരം കൈവശക്കാരിൽ നിന്നും താല്ക്കാലികമായി നികുതി സ്വീകരിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ പരാമർശം 4 പ്രകാരമുള്ള കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ, ഭവന നിർമ്മാണ

ആനുകൂല്യങ്ങൾ എന്നിവ ലഭിക്കേണ്ട ആവശ്യത്തിലേയ്ക്കായി താല്ക്കാലിക കൈവശ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു കൊടുക്കുവാൻ നിർദ്ദേശം നൽകിയതായും ഡെപ്യൂട്ടി കളക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം മൂന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എം.ലീലാമണി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം,
സെക്രട്ടറി, മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്
ജില്ലാ കളക്ടർ, വയനാട്
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, വയനാട്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.